പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *144

05.12.2014-ൽ
മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിനിർവ്വഹണത്തിനുള്ള തുക അലോട്ട്മെന്റ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി നിർവ്വഹണത്തിനുള്ള തുക അലോട്ട്മെന്റ് ലെറ്ററായി നൽകുന്ന രീതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;<br><br>ബി) ഇതിനുപകരം കൊണ്ടുവന്ന സംവിധാനം എന്താണ് ;<br><br>സി) കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർന്നുവരുന്ന അലോട്ട്മെന്റ് സമ്പ്രദായം മാറ്റിയത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ടോ ;<br><br>ഡി) ഇപ്പോൾ ഏർപ്പെടുത്തിയ പകരം സംവിധാനം മാറ്റി അലോട്ട്മെന്റ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | എ), ബി), സി) & ഡി)<br>കാലാകാലങ്ങളിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം ക്രമപ്പെടുത്തുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവ്വഹണത്തിനുള്ള ഫണ്ട് വിഹിതം 2006 മുതൽ ഓരോ സാമ്പത്തികവർഷവും ഏപ്രിൽ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ 10 തവണകളുടെ അലോട്ട്മെന്റായാണ് നൽകി വരുന്നത്. ഈ സാമ്പത്തികവർഷം വികസന ഫണ്ട് 7-ാം ഗഡു 21.10.2014-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലെറ്ററായി നൽകിവരുന്ന രീതിക്ക് ഇതുവരെ മാറ്റം വരുത്തിയിട്ടില്ല.<br><br>എന്നാൽ സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക |

വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള ധനവിനിയോഗ നിയന്ത്രണ നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ഇപ്പോൾ റവന്യൂ അക്കൗണ്ടിൽ നിന്നും റിലീസ് ചെയ്യുന്നത് അവയുടെ പബ്ലിക് അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് സംസ്ഥാനത്തിന്റെ റവന്യൂ ഡെഫിസിറ്റിന് കാരണമാകുന്നു എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗ അക്കൗണ്ടിന്മേൽ റവന്യൂ ഡഫിസിറ്റ് നിയന്ത്രിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, ഇപ്പോൾ ചെയ്തുവരുന്ന പബ്ലിക് അക്കൗണ്ടുകൾക്ക് പകരം, പുതിയ റവന്യൂ അക്കൗണ്ടിൽ നിന്നും ധനവിനിയോഗം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർ രീതിയെ സംബന്ധിച്ചുള്ള അവസാന തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ